(ബി) കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി ഇന്ധനച്ചെലവ് പ്രതിദിനം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(സി) ശരാശരി എത്ര സർവ്വീസുകളാണ് ദിനംപ്രതി കെ.എസ്.ആർ.ടി.സി. നടത്തുന്നത് ?

ഉത്തരം

(എ) ജൂൺ 2015-ലെ കണക്കുപ്രകാരം ജൻറം ഒഴികെ കെ.എസ്.ആർ.ടി. സി.-യുടെ ശരാശരി പ്രതിദിന ടിക്കറ്റ് വരുമാനം 5,02,48, 899 രൂപയാണ്.

(ബി) പ്രതിദിനം 2.31 കോടി രൂപയാണ്.

(സി) ജൂൺ 2015-ലെ കണക്കുപ്രകാരം ജൻറം ഒഴികെ ശരാശരി 4597 സർവ്വീസുകളാണ് ദിനംപ്രതി കെ.എസ്.ആർ.ടി.സി. നടത്തുന്നത്.

കെ.എസ്.ആർ.ടി.സി.-യിലെ മരാമത്ത് പണികൾ

196(5785) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നടക്കുന്ന മരാമത്തു പണികൾ കൂറ്റമറ്റരീതിയിൽ നടത്തുവാൻ നടപടി സ്വീകരിക്കാമോ ;

(ബി) പല കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെയും മറ്റും ടാറിംഗ് ഉൾപ്പെടെയുള്ള പണികൾക്കും മരാമത്തു പണികൾക്കുമായി നിലവാരം കുറഞ്ഞ സാധനങ്ങൾ ഉപയോഗിച്ചുവരുന്നതായി വാർത്തകളുണ്ടായിട്ടും ഇതിന്മേൽ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കാത്തതിനെക്കുറിച്ചന്വേഷിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.-യുടെ മരാമത്ത് പണികൾ ചെയ്യുന്ന ചില കോൺട്രാക്ടർമാർ വർഷങ്ങളായി വേണ്ടരീതിയിൽ പണി നടത്താതെ ബില്ലുകൾ യഥാസമയം പാസ്സാക്കി തുകകൾ കൈപ്പറ്റിവരുന്നത് അന്വേഷിക്കാമോ : ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൂറ്റമറ്റ രീതിയിൽ നടത്തുവാനുള്ള സംവിധാനമാണ് നിലവിലുള്ളത്. വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) Major work-കൾക്ക് ഉപയോഗിക്കുന്ന സാധനസാമഗ്രികൾ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ഉപയോഗിക്കാൻ അനുവദിക്കുന്നത്. കൂടാതെ PWD Manual പ്രകാരം Chief Technical Examiner-ക്ക് റിപ്പോർട്ട് ചെയ്തശേഷം മാത്രമാണ് പണി നടത്തുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ വേണ്ടരീതിയിൽ പണി നടത്താതെ ബില്ലുകൾ യഥാസമയം പാസ്സാക്കി ഇകകൾ കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ

വരവും ചെലവും

197(5786) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. വി. ശശി :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഈ സർക്കാരിൽ നിന്നും ഇതുവരെ എത്ര ഇക വായ്പ എടുത്തിട്ടുണ്ട് ; ഇതിൽ ഇനി തിരിച്ചടയ്ക്കാനുള്ള വായ്പത്തുക എത്ര ; വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. മറ്റ് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ഇതേ കാലത്ത് എത്ര രൂപ വീതം വായ്പയെടുത്തിട്ടുണ്ട് ; പ്രസ്തുത വായ്പയിലോരോന്നിലും ഇനി എത്ര ഇക വീതം അടച്ചുതീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) 2015 ജനുവരി മാസം മുതൽ ഇതുവരെ കെ.എസ്.ആർ.ടി.സി.-യുടെ ഓരോ മാസത്തിലെയും വരവും ചെലവും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ നാളിതുവരെ കെ.എസ്.ആർ.ടി.സി.-ക്ക് പ്രവർത്തനമൂലധന വായ്പയായി 1060.82 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ടി വായ്പാ ഇക തിരിച്ചടച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly